## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1033 — 05.02.2020 ൽ മറുപടിയ്ക്ക്

## ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.യ്ക്ക് അന്താരാഷ്ട്ര നിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| **(എ)** ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.-യെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി തെരെഞ്ഞെടുത്തുവെങ്കിലും ഇതിനായുള്ള നിർമ്മാണ നടപടികൾ നാളിതുവരെ ആരംഭിയ്ക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ;<br><br>**(ബി)** പ്രസ്തുത പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | **(എ) യും (ബി) യും** ചാലക്കുടി ഗവ: ഐ.ടി.ഐ- യെ കിഫ്ബിയുടെ ധന സഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിന് സ്ട്രക്ചറൽ ഡ്രോയിംഗിന്റെ സൂക്ഷ്മ പരിശോധന നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ടി സൂക്ഷ്മ പരിശോധന പൂർത്തിയാക്കി കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്. ടെണ്ടർ നടപടികൾ പൂർത്തിയാക്കിയ ശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ